# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ്ഹെഡ്ക്വാർട്ടേഴ്സ്

തിരുവനന്തപുരം

website: www.forest.kerala.gov.in, Email: fibnews@gmail.com, Ph. 0471-2529145


## പത്രക്കുറിപ്പ്

തീയതി.14.05.2025

**ജംഗിൾ ബെൽസ് : കുട്ടികളിൽ പരിസ്ഥിതി ബോധം വളർത്തുവാൻ പഠനക്യാമ്പ്**

പരിസ്ഥിതി സംരക്ഷണം, വനം വന്യജിവി സംരക്ഷണം എന്നീ ആശയങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കുന്നതിനായി കേരള വനം വകുപ്പിന്റെ പരിസ്ഥിതി പഠന ക്യാമ്പായ ജംഗിൾ ബെൽസ്.

എട്ടു മുതൽ പതിനൊന്നാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തുന്ന ജംഗിൾ ബെൽസ് മെയ് 26 മുതൽ 28 വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്നു.

പഠനക്ലാസ്സുകൾ (വനം, പരിസ്ഥിതി, കാലാവസ്ഥ തുടങ്ങിയവ), ട്രക്കിംങ്, സർവ്വേ, വനം സന്ദർശനം കലാപരിപാടികൾ എന്നിവ കുട്ടികൾക്കായി ക്യാമ്പിൽ ഒരുക്കിയിട്ടുണ്ട്. വനം വകുപ്പുദ്യോഗസ്ഥർ, പരിസ്ഥിതി പ്രവർത്തകർ, അദ്ധ്യാപകർ, മറ്റ് വിദഗ്ദ്ധർ എന്നിവർ ക്യാമ്പിന് നെതൃത്വം നൽകും.

പഠനങ്ങളിലൂടെയും വിനോദങ്ങളിലൂടെയും പാരിസ്ഥിതികബോധം, വനം - വന്യജീവി ശാസ്ത്ര ബോധം, ലഹരികൾക്കെതിരെയുള്ള പ്രതിരോധം, സംഘബോധം, നേതൃശേഷി, സർഗ്ഗശേഷി വികസനം, വ്യക്തിത്വ വികാസം എന്നിവ കുട്ടികളിൽ വളർത്തിയെടുക്കുക എന്നതാണ് ജംഗിൾ ബെൽസിലൂടെ വനം വകുപ്പ് ലക്ഷ്യമിടുന്നത്.

താൽപര്യമുള്ള കുട്ടികൾ forestmediacell@gmail.com എന്ന ഇ- മെയിലിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2529145 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്. **അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി മെയ് 20.**

ഡയറക്ടർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ